©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി II
## (ഭൂനികുതിയും ദേവസ്വവും)

**2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ**
**പരിശോധന സംബന്ധിച്ച അഞ്ചാമത്**
**റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

**സബ്ജക്ട് കമ്മിറ്റി II**
**(ഭൂനികുതിയും ദേവസ്വവും)**

**2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)പ്രകാരമുള്ളത്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II
# ഭൂനികുതിയും ദേവസ്വവും
# (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. രാജൻ
റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. രാധാകൃഷ്ണൻ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ഡോ. എൻ. ജയരാജ്,

ശ്രീ. എൻ. എ. നെല്ലിക്കുന്ന്,

ശ്രീ. കെ.ഡി. പ്രസേനൻ,

ശ്രീ. പി. ടി. എ. റഹീം,

ശ്രീ. എം. രാജഗോപാലൻ,

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,

ശ്രീ. സനീഷ് കുമാർ ജോസഫ്,

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 23-12-2020, 25-2-2021, 1-7-2021 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

1-7-2021- ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജൂലൈ 1

കെ. രാജൻ,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി II.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2020 ഫെബ്രുവരി 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ 23-12-2020, 25-2-2021, 1-7-2021 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2020-2021 സാമ്പത്തിക വർഷത്തെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ അദ്ധ്യായം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

### ശിപാർശ

2029-00-001-99—ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്

ബഡ്ജറ്റ് വിഹിതം : 16.3324 കോടി രൂപ (നോൺ പ്ലാൻ)

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഉപയോഗത്തിനായി 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള വാഹനം വാങ്ങുന്നതിന് 7-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2512/2019/റവ. പ്രകാരം ഉത്തരവായിട്ടുള്ളതായും ആയതിന് 10 ലക്ഷം രൂപയും, റവന്യൂ വകുപ്പിലെ കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കായുള്ള കരാർ തുക നൽകുന്നതിന് 40 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2029-00-001-99-21 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അധിക ധനവിനിയോഗാനുമതി ലഭ്യമാക്കുന്നതിന് 17-11-2020-ൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ അവസാനഘട്ട ഉപധനാഭ്യർത്ഥന വഴിയും ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2029-00-001-99-99-NP-V ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 40,00,000 രൂപയുടെ അധിക ധനവിനിയോഗാനുമതിക്കായി ശിപാർശ 17-11-2020-ന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ അവസാനഘട്ട ഉപധനാഭ്യർത്ഥന വഴിയും ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

### ശിപാർശ

2029-00-800-74—കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരമുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരമുള്ള ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

ബഹു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ച നിരവധി കേസുകൾ നടപ്പിലാക്കാനുള്ളതിനാൽ ഓരോ ജില്ലക്കും 5 ലക്ഷം രൂപാ വീതം ആകെ 70 ലക്ഷം രൂപ അനുവദിച്ചു ഉത്തരവാകണമെന്നുമുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരവും ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

ആവശ്യമായ തുക കൃത്യമായി കണക്കാക്കി, ഉചിതമായ ഏതെങ്കിലും ശീർഷകത്തിൽ നിന്നും മിച്ചം കണ്ടെത്തി, ധനഃപുനവിനിയോഗ ശിപാർശ സമർപ്പിക്കണമെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നത്.

എന്നാൽ, തൻ വർഷം മറ്റു ശീർഷകങ്ങളിൽ തുക മിച്ചം ഇല്ലാത്തതിനാൽ, സംസ്ഥാനത്തു വിവിധ ജില്ലകളിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് പ്രകാരം പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ച കേസുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക "2029-00-800-74 NP (V)" എന്ന ശീർഷകത്തിലേക്ക് മറ്റു ശീർഷകങ്ങളിൽ നിന്ന് വക മാറ്റാൻ സാധിക്കുകയില്ലെന്ന് വിവരം അറിയിച്ചുകൊള്ളുന്നു.

ശിപാർശ

2053-00-093-96—ഡിഫൻസ് പേഴ്സണലിനുവേണ്ടിയുള്ള റിക്രൂട്ട്മെന്റ് റാലികൾ

ബഡ്ജറ്റ് വിഹിതം : 15 ലക്ഷം രൂപ (നോൺ പ്ലാൻ)

വിവിധ ജില്ലകളിൽ റിക്രൂട്ട്മെന്റ് റാലികൾ നടന്ന് വരുന്നതിനാൽ അധികം തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രതിരോധ സേനകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് റാലികൾ സംസ്ഥാനത്ത് സംഘടിപ്പിക്കുമ്പോൾ ജില്ലാ ഭരണകൂടം നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾക്കായി തുക ഉപയോഗിക്കുന്ന ടി ശീർഷകത്തിൽ, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

2053-00-093-96-NP-V—ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 28,95,158 രൂപ അധിക ധനവിനിയോഗാനുമതിയായി ലഭിച്ചിട്ടുണ്ട്.

ശിപാർശ

2053-00-094-42—കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനത്തിന് നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 3.919 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ശേഷിക്കുന്ന ചെലവുകളും പദ്ധതിയിനത്തിൽ നിന്നു തന്നെ കണ്ടെത്താവുന്നതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ പദ്ധതിയേതര ഇനത്തിൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

2053-00-094-43—കിഫ്ബിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫ്

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

കിഫ്ബിയിലെ സ്റ്റാഫിന്റെ ശമ്പളവും അലവൻസുകളും ലഭ്യമാക്കുന്നതിലേക്കും ഓഫീസ് ചെലവുകൾ, യാത്രാബത്ത, കെട്ടിട വാടക എന്നീ ആവശ്യങ്ങൾക്കായും നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2.0256 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

കിഫ്ബിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് നിയമിതരായ ഉദ്യോഗസ്ഥരുടെ ശമ്പളം, ഓഫീസ് സംബന്ധമായ മറ്റാവശ്യങ്ങൾ എന്നിവയ്ക്കുവേണ്ടി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 2.0256 കോടി രൂപ അധികമായി വകയിരുത്തണമെന്ന ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ ശിപാർശയിൽ

ലാൻഡ് റവന്യൂ കമ്മീഷണർ 24-6-2021 തീയതിയിൽ പുനഃസമർപ്പിച്ച റിപ്പോർട്ട് പ്രകാരം, 2053-00-094-43 NP-V ശീർഷകത്തിൽ, 2020-21 സാമ്പത്തിക വർഷത്തിൽ, 12-5-2020 തീയതിയിലെ സ.ഉ.(സാധാ.) 3003/2020/ധന. നമ്പർ ഉത്തരവ് പ്രകാരം 1.5 കോടി രൂപയും 16-12-2020 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 7302/2020/ധന. ഉത്തരവ് പ്രകാരം 11 കോടി രൂപയും ഉൾപ്പെടെ അധിക ധനവിനിയോഗാനുമതിയായി 12.5 കോടി രൂപ ലഭിച്ചിട്ടുള്ളതാണ്. അതിൽ 5,59,98,425 രൂപ ചിലവഴിച്ചിട്ടുണ്ടെന്ന വിവരം സമിതിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

<u>ശിപാർശ</u>

2053-00-094-99—<u>മറ്റ് എസ്റ്റാബ്ലിഷ്മെന്റുകൾ</u>

ബഡ്ജറ്റ് വിഹിതം : 234.5911 കോടി രൂപ (നോൺ പ്ലാൻ)

താലൂക്കാഫീസുകളിലെ വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾക്കായി 2053-00-094-99-45 ശീർഷകത്തിൽ 50 ലക്ഷം രൂപയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2053-00-094-99-21-2– ശീർഷകത്തിൽ 25 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്നും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ എന്നിവയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനാൽ മേൽ അധികതുക ഒഴിച്ചുകൂടാനാവാത്തതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

2053-00-094-99-21 NP-V, 2053-00-094-99-45 NP-V, ശീർഷകങ്ങളിൽ കേരള നിയമസഭ വിഷയനിർണ്ണയ സമിതി II ശിപാർശ ചെയ്ത തുക ലഭിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ അവസാനഘട്ട ഉപധനാഭ്യർത്ഥനയിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2250-00-101-99—<u>സംസ്ഥാന ധർമ്മകാര്യം</u>

ബഡ്ജറ്റ് വിഹിതം : 12,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിക്ക് നൽകുന്ന ഓണറേറിയം പ്രതിമാസം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ധനപുനഃവിനിയോഗം

വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി 12,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ഈ വർഷം മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ പ്രതിമാസം 2000 രൂപ നിരക്കിൽ അഡീഷണൽ ഓതറൈസേഷൻ വഴി 52,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്-31 സഹായധനം- ശമ്പളം

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം

(31)—1.5 കോടി രൂപ (നോൺ പ്ലാൻ)

(36)—40.14 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ 1.9014 കോടി (നോൺ പ്ലാൻ)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് 5 ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേക്കുള്ള പരീക്ഷ നടത്തിപ്പിനുള്ള ചെലവിനും അധിക ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പള ചെലവിനുമായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ വഴി ശമ്പള ചെലവിനായി 45 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2250-00-102-99—1951-ലെ മദ്രാസ് എച്ച്.ആർ. & സി.ഇ. നിയമം നടപ്പാക്കൽ- 01-ശമ്പളം

ബഡ്ജറ്റ് വിഹിതം : 4.1265 കോടി രൂപ (നോൺ പ്ലാൻ)

ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് ജീവനക്കാരുടെ ശമ്പളം നൽകുന്ന ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം 2019-20-ലെ കുടിശ്ശിക ക്ഷാമബത്ത കൂടി അനുവദിക്കേണ്ടതിനാൽ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 37.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-80—<u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

സംസ്ഥാനം രൂക്ഷമായ വർൾച്ച നേരിടുന്ന ഘട്ടത്തിൽ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-82—<u>വൈക്കം ക്ഷേത്ര കലാപീഠം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വൈക്കത്ത് പ്രവർത്തിക്കുന്ന ക്ഷേത്ര കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി രൂപം കൊടുത്ത ക്ഷേത്ര കലാപീഠം എന്ന സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 49.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-85—<u>മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്</u>

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായതിനാൽ പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും മ്യൂസിയം, ലൈബ്രറി എന്നിവ വിപുലീകരിക്കുന്നതിനും അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനത്തിനും നടത്തിപ്പിനും തുക അധികമായി അനുവദിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-86—<u>ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്</u>

ബഡ്ജറ്റ് വിഹിതം : 1.25 കോടി രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും മാസ അലവൻസ് നൽകുന്നതിനായി സർക്കാർ വർഷാ വർഷം അനുവദിക്കുന്ന തുക അപര്യാപ്തമായി വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനത് ഫണ്ട്

ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തുവരുന്നതെന്നും പുതിയ അപേക്ഷകരേയും കൂടി ഉൾപ്പെടുത്തി ധനസഹായ വിതരണം ചെയ്യേണ്ടതുള്ളതിനാൽ നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 1.665 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ഓതറൈസേഷൻ വഴി 2.3932 കോടി രൂപ അധികമായി അനുവദിച്ചു.

<u>ശിപാർശ</u>

സർക്കാർ പെൻഷനുകളുടെ മിനിമം തുക 1,300 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന അലവൻസ് തുക 1,100 രൂപയിൽ നിന്നും 1,300 രൂപയായി വർദ്ധിപ്പിക്കുന്നതിനും, വർദ്ധനവിന് അനുസൃതമായ തുക പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന അലവൻസ് തുക 1-09-2020 മുതൽ 1,100 രൂപയിൽ നിന്നും 1,400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പമാണ് അഡീഷണൽ ഓതറൈസേഷൻ വഴി 2.3932 കോടി രൂപ അധികമായി അനുവദിച്ചിട്ടുള്ളത്.

<u>ശിപാർശ</u>

2250-00-103-87—<u>മലബാർ ദേവസ്വം ബോർഡ് - 31- സഹായധനം - ശമ്പളം 36-സഹായധനം - ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം:

1(31)—22.401 കോടി രൂപ (നോൺ പ്ലാൻ)

(36)—10.3482 കോടി രൂപ (നോൺ പ്ലാൻ)

ആകെ 32.7492 കോടി രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ജീവനക്കാരുടെ ശമ്പളം ശമ്പളേതര ചെലവുകളായ ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ് എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്നും മലബാർ ദേവസ്വം ബോർഡിൽ ഉടൻ ശമ്പള പരിഷ്കരണത്തിനുള്ള സാധ്യതയും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ശമ്പള ഇനത്തിൽ 27.5 കോടി രൂപയും ശമ്പളേതര ഇനത്തിൽ 3 കോടിയും ഉൾപ്പെടെ ഈ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 30.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമ നിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

ബജറ്റ് വിഹിതം: 1,000 രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ, എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ ക്ഷേമനിധി മാസ വിഹിതം, ക്ഷേത്ര വിഹിതം, എഫ്.ഡി. യിൽ നിന്ന് ലഭിക്കുന്ന പലിശ എന്നിവയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, 25000 രൂപ വരെയുള്ള ചികിത്സ ധനസഹായം എന്നീ ചെലവുകൾ നിർവ്വഹിച്ചുവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ ക്ഷേത്ര ജീവനക്കാരുടേതിൽ നിന്നും വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിൽ ക്ഷേമനിധി ആനുകൂല്യങ്ങൾ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകിവരുന്നത് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.9999 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-98—<u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം: 1,000 രൂപ (നോൺ പ്ലാൻ)

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക കണ്ടെത്തുക പ്രയാസമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 31.9999 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-99—<u>ദേവസ്വം ഫണ്ടിലേക്കും, ശ്രീ പണ്ടാരം വക ഫണ്ടിലേക്കും ഉള്ള സഹായം</u>

ബജറ്റ് വിഹിതം: 1 കോടി രൂപ (നോൺ പ്ലാൻ)

തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിനും വാർഷിക വിഹിതം നൽകുന്ന ഈ ശീർഷകത്തിൽ 15 വർഷം മുമ്പുള്ള നിരക്കാണ് ഇപ്പോഴും നൽകിവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു, ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2215-02-105-95—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം</u>

ബജറ്റ് വിഹിതം: 1.2048 കോടി രൂപ (നോൺ പ്ലാൻ)

ശബരിമലയിലും എരുമേലിയിലും മറ്റു പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമ പ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം അഥവാ ഉപധനാഭ്യർഥന വഴിയോ അധികമായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ഓതറൈസേഷൻ വഴി 165,09,000 രൂപ അധികമായി അനുവദിച്ചു.

<u>ശിപാർശ</u>

2245-80-102-93—<u>മറ്റ് ദുരന്തനിവാരണ പദ്ധതികൾ (സ്കൂൾ സുരക്ഷ ഉൾപ്പെടെ) ODMS (100% കേന്ദ്രാവിഷ്കൃതം)</u>

(01)– ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള സെൻഡായ് ഫ്രെയിം വർക്ക് നടപ്പിലാക്കൽ.

ബഡ്ജറ്റ് വിഹിതം: ഇല്ല

26-9-2019 -ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 6845/2019/ധന. പ്രകാരം 19.64 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചിരുന്നെങ്കിലും ടി തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർഥന വഴിയോ ഈ ശീർഷകത്തിൽ 19.64 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

സെൻഡായ് ഫ്രെയിം വർക്ക് നടപ്പിലാക്കൽ എന്ന പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ അനുവദിച്ച 19.64 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് 2019-20 സാമ്പത്തിക വർഷം തന്നെ അനുമതി നല്കി ഉത്തരവായിരുന്നു (19-11-2019-ലെ സ.ഉ.(സാധാ.) നമ്പർ

803/2019/ഡി.എം.ഡി. പ്രകാരം). എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ഈ തുക മാറാൻ സാധിക്കാത്തതിനാൽ 11-6-2020-ലെ സ.ഉ.(സാധാ.) നമ്പർ 3542/2020/ ധന. പ്രകാരം അധിക ധനാനുമതി പ്രകാരം ഈ തുക 2245- 80- 102- 93- 01 മറ്റ് ദുരന്ത നിവാരണ പദ്ധതികൾ (സ്കൂൾ സുരക്ഷ ഉൾപ്പെടെ) ODMS(100% കേന്ദ്ര വിഹിതം) എന്ന ശീർഷകത്തിൽ വകയിരുത്തുകയും 30-6-2020-ലെ സ.ഉ.(സാധാ.) നമ്പർ 575/20/ ഡി.എം.ഡി. പ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്.

ശിപാർശ

2245-80-102-95—ചുഴലിക്കാറ്റ് മൂലമുള്ള അപകട സാധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി

(01)—ചുഴലിക്കാറ്റ് മൂലമുള്ള അപകട സാധ്യത ശമിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ (75% CSS)

(02)—മുന്നറിയിപ്പ് നൽകാനുള്ള സംവിധാനങ്ങൾ (100% CSS)

(03)—ബഹുവിധ ദുരന്തനിവാരണത്തിനുള്ള സാങ്കേതിക സഹായം (100% CSS)

(04)—പ്രോജക്റ്റ് മാനേജ്മെന്റിനും നിർവ്വഹണത്തിനുമുള്ള സഹായം (100% CSS)

ബഡ്ജറ്റ് വിഹിതം: (01) - 10 കോടി രൂപ (പ്ലാൻ)

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാവധി 2020-21 സാമ്പത്തിക വർഷം അവസാനിക്കുന്നതിനാൽ നിർമ്മാണ പുരോഗതിയിൽ ആയിരിക്കുന്ന ഷെൽട്ടറുകൾക്കും മറ്റ് ചെലവുകൾക്കും വേണ്ടി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചുവടെ ചേർക്കുന്ന രീതിയിൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 109.186 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(01)—51.9 കോടി രൂപ

(02)—44.6 " "

(03)—7.576 " "

(04)—5.11 " "

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2020-21 വർഷത്തിൽ അധിക ധനാനുമതി വഴി 21 കോടി രൂപ 2245-80-102-95-(01) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 2022 സെപ്റ്റംബർ 15 വരെ ദീർഘിപ്പിച്ച് നൽകിയിരിക്കുന്നു.

(Rs. In Cr.)

| Component | Amount Allotted | Budget Provision | Additional Allotment |
|---|---|---|---|
| B (75% CSS) | 23.27 | 7.50 | 15.77 |
| B (25% SS) | 6.54 | 2.50 | 4.04 |
| D | 1.19 | Nil | 1.19 |
| **Total** | | | **21.00** |

മേൽ പറഞ്ഞ പ്രകാരം 21.00 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ച് കിട്ടുകയും പ്രസ്തുത തുക വിനിയോഗിച്ച് വരുകയും ചെയ്യുന്നു.

<u>ശിപാർശ</u>

3475-00-115-99—<u>കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്റ്റുകൾ (ആർ.കെ.ഐ.)</u>

ബജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

ആർ.കെ.ഐ.യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനും പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികൾക്കും ആവശ്യമായ തുക ഈ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർഥന വഴിയോ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

3475-00-115-99-കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്റ്റുകൾ എന്ന ശീർഷകത്തിൽ 4-5-2020- ലെ സ.ഉ.(സാധാ.) നമ്പർ 2918/2020/ധന. പ്രകാരം ഒരു കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

5475-00-115-94—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)

ബജറ്റ് വിഹിതം:

(01)—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ
(ആർ.കെ.ഐ.) - 250 കോടി രൂപ (പ്ലാൻ)

(02)—ഉപജീവന മാർഗ്ഗത്തിനുള്ള സഹായം
(ആർ.കെ.ഐ.) - 250 കോടി രൂപ (പ്ലാൻ)

(03)—പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും,
പാലങ്ങളും (ആർ.കെ.ഐ.) - 250 കോടി രൂപ (പ്ലാൻ)

(04)—പൊതു കെട്ടിടങ്ങളുടെ മുഖ്യ അറ്റകുറ്റപ്പണികളും
പുനഃനിർമ്മാണവും (ആർ.കെ.ഐ.) - 250 കോടി രൂപ (പ്ലാൻ)

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മൂലധന ചെലവുകൾക്കായുള്ള ഈ ശീർഷകത്തിൽ നിലവിൽ ബഡ്ജറ്റിൽ നാല് ഉപശീർഷകങ്ങളിലായി അനുവദിച്ച 1000 കോടി രൂപയ്ക്ക് പുറമേ, പ്രസ്തുത ശീർഷകത്തിൽ പിന്നീട് അനുവദിച്ച **ജലവിതരണം(05), ദുരന്തനിവാരണ തയ്യാറെടുപ്പ് (06), ശുചിത്വം (07), ഗതാഗതം (08)** എന്നീ ഉപശീർഷകങ്ങൾക്ക് 250 കോടി രൂപ വീതം വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5475-00-115-94 കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ എന്ന ശീർഷകത്തിൽ **ജലവിതരണം (05), ദുരന്തനിവാരണ തയ്യാറെടുപ്പ് (06), ശുചിത്വം (07), ഗതാഗതം (08)** എന്നീ ഉപശീർഷകങ്ങൾക്ക് 250 കോടി രൂപ വീതം ആകെ 1000 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

20-4-2020-ലെ സ.ഉ.(സാധാ.) നമ്പർ 2834/2020/ധന. പ്രകാരം 5475-00-115-94 എന്ന ശീർഷകത്തിലെ ആദ്യ നാല് ശീർഷകങ്ങൾക്കായി അനുവദിച്ചിരുന്ന 1000 കോടി രൂപ, ചുവടെ പറയുന്നതരത്തിൽ എട്ട് ഉപശീർഷകങ്ങൾക്കുമായി പുനഃവിനിയോഗം നടത്തി ഉത്തരവായിട്ടുണ്ട്.

(01)—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ
(ആർ.കെ.ഐ.) - 250 കോടി രൂപ (പ്ലാൻ)

(02)—ഉപജീവന മാർഗ്ഗത്തിനുള്ള സഹായം
(ആർ.കെ.ഐ.) - 200 കോടി രൂപ (പ്ലാൻ)

(03)—പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും,
പാലങ്ങളും (ആർ.കെ.ഐ.) - 100 കോടി രൂപ (പ്ലാൻ)

(04)—പൊതു കെട്ടിടങ്ങളുടെ മുഖ്യ അറ്റകുറ്റപ്പണികളും
പുനഃനിർമ്മാണവും (ആർ.കെ.ഐ.) - 100 കോടി രൂപ (പ്ലാൻ)

(05)– ജലവിതരണം (ആർ.കെ.ഐ.) - 100 കോടി രൂപ (പ്ലാൻ)

(06)—ദുരന്ത നിവാരണ തയാറെടുപ്പ് (ആർ.കെ.ഐ.) - 150 കോടി രൂപ (പ്ലാൻ)

(07)—ശുചിത്വം (ആർ.കെ.ഐ.) - 50 കോടി രൂപ (പ്ലാൻ)

(08)—ഗതാഗതം (ആർ.കെ.ഐ.) - 50 കോടി രൂപ (പ്ലാൻ)

അനുവദിച്ച തുക പദ്ധതികൾക്കായി പൂർണമായി വിനിയോഗിച്ചു കഴിഞ്ഞ ശേഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ശിപാർശ**

4551-60-800-99—ശബരിമല മാസ്റ്റർ പ്ലാൻ

ബഡ്ജറ്റ് വിഹിതം: 29.9 കോടി രൂപ (പ്ലാൻ)

ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധന പുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 20.1 കോടി രൂപ അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

അധികം തുക അനുവദിച്ചിട്ടില്ല.

## അദ്ധ്യായം II

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റുമെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക |
|---|---|
| റവന്യൂ | 2, 5, 18, 28, 29, 30 |

തിരുവനന്തപുരം,
2021 ജൂലൈ 1.

കെ. രാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി* II.